# മന്ന

MANNA

യു. എ. ഇ

UAE , Kuwait, Thrissur & Cochin:





2009

സെപ്റ്റംബർ

news@newsmanna.com
www.mannanews.ning.com
0503241610, 0553969791

2-ാം പേജിൽ ഒട്ടകവും സൂചിക്കുഴയും

വാല്യം 1 ലക്കം 6


## 200 കോടി പേർക്ക് പന്നിപ്പനി ബാധിച്ചേക്കും

ജനീവ: ലോകത്ത് ചുരുങ്ങിയത് 200 കോടി പേർക്കെങ്കിലും പന്നിപ്പനി പടർന്ന് പിടിച്ചേക്കു മെന്ന് ലോകാ രോഗ്യ സംഘടന വ്യക്തമാക്കി. ജനീവയിൽ ചേർന്ന ലോകാരോഗ്യ സംഘടനയുടെ യോഗമാണ് ഇത്തരത്തിൽ അഭിപ്രായപ്പെട്ടത്. ലോക ജനസം ഖ്യയുടെ 15 മുതൽ 45 ശതമാനം വരെ പേർക്ക് എച്ച് 1 എൻ1 വൈറസ് കാരണമായുള്ള പകർച്ചവ്യാധി ബാധിച്ചേക്കുമെന്നാണ് യോഗം മുൻകൂട്ടി കാണുന്നത്. ഏറ്റവും ചുരുങ്ങിയത് 30 ശതമാനം പേർക്കെങ്കിലും പുതിയ പകർച്ചവ്യാധി ബാധിക്കുമെന്ന കണക്കിലാണ് 200 കോടി എന്ന കണക്കിൽ ലോകാരോഗ്യ സംഘടന പ്രവചനംനടത്തിയിട്ടുള്ളത്.



അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ സമ്മേളനത്തിൽ നിന്ന്

## പോൾ വിൽബർ ദുബായിയിൽ



ദുബായ്: ലോക പ്രശസ്ത വർഷിപ്പ് ലീഡറും ക്രൈസ്തവ സംഗീതജ്ഞനുമായ പോൾ വിൽബർ ദുബായിലെത്തുന്നു. ദുബായ് കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രശസ്ത വർഷിപ്പ് ടീം ആയ വോയ്സ്, ടെന്നീസ് സ്റ്റേഡിയത്തിൽ നവംബർ 26 ന് ഒരുക്കുന്ന സംഗീതോത്സവത്തിൽ പാടുന്നതിനു വേണ്ടിയാണ് പോൾ വിൽബർ എത്തുന്നത്. പ്രശസ്ത മ്യൂസിക്ക് ടീം ആയ ഇന്റഗ്രിറ്റി ടീമും വെൽബറും ഒരുമിച്ചൊരുക്കുന്ന ഈ മഹാ സംഗീതോത്സവത്തിന് വിപുലമായ ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വൈകീട്ട് 6.30 മുതൽ ആരംഭിക്കുന്ന ഈ പരിപാടിയിൽ വിൽബറിന്റെ നേതൃത്വത്തിലുള്ള 12 അംഗ സംഘത്തോടൊപ്പം യു.എ.ഇയിൽനിന്നും തിരഞ്ഞെടുക്കുന്ന വിവിധ ഭാഷക്കാരായ 30 അംഗ ഗായക സംഘവും ചേർന്നു പാടും. ഇവർക്കുള്ള യോഗ്യതാ മത്സരം ആരംഭിച്ചു കഴിഞ്ഞു. ദുബായ് ടൂറിസം കൊമേഴ്സ് ആന്റ് മാർക്കറ്റിംഗ് (ഡി.റ്റി.സി.എം) ന്റെ അംഗീകാരത്തോടെ നടക്കുന്ന യു.എ.ഇയിലെ രണ്ടാമത്തെ ക്രൈസ്തവ പരിപാടിയാണിത്. ഏകദേശം 6000 ത്തോളം പേർക്കാണ് സ്റ്റേഡിയത്തിൽ സീറ്റ് ക്രമീകരിക്കുന്നത്. പ്രവേശനം പാസുമൂലം നിയന്ത്രിക്കുമെന്ന് സംഘാടകർ അറിയിച്ചു. ലോക പ്രശസ്ത വാദ്യോപകരണ വിദഗ്ദ്ധരായ ഗർഗ് ഷു മേക്ക്, കാൾ ആൽബർട്ട്, സ്റ്റീവ് ബൈറൂക്ക് എന്നിവരും സംഘത്തിലുണ്ട്. വിൽബറിന്റെ നേതൃത്വത്തിൽ ഇവിടെയുള്ള വർഷിപ്പ് ലീഡർ മാർക്കു വേണ്ടി പ്രത്യേക കോൺ ഫ്രൻസും ക്ലാസ്സും നവംബർ 25 ന് രാവിലെ 10.00 മുതൽ 4.00 വരെ ദുബായ് ഇവാജലിക്കൽ ചർച്ച് സെന്ററിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0502492011, 0561014460

visit vedio clip on www.mannanews.ning.com

## ദേവസ്യ മുല്ലക്കര പ്രസംഗിക്കുന്നു.



ഷാർജ. പ്രശസ്ത സുവിശേഷ പ്രഭാഷകനും രോഗശാന്തി വരപ്രാപ്തനുമായ ബ്രദർ ദേവസ്യ മുല്ലക്കര സെപ്റ്റംബർ 7 മുതൽ 12 വരെ യുള്ള ദിവസങ്ങളിൽ യു.എ.ഇയുടെ വിവിധ ഭാഗങ്ങളിൽ ചർച്ച് ഓഫ് ഗോഡ് ഒരുക്കുന്ന സമ്മേളനങ്ങളിൽ പ്രസംഗിക്കുമെന്ന് ചർച്ച് ഓഫ് ഗോഡ് നാഷണൽ ഓവർസിയർ റവ. ഡോ. കെ.ഓ.മാത്യു അറിയിച്ചു. 7, 8 തിയ്യതികളിൽ വൈകീട്ട് 8 ന് അബുദാബി ഇവാജലിക്കൽ ചർച്ചിൽ ഫില ദർഫിയ ചർച്ച് ഓഫ് ഗോഡ് ഒരുക്കുന്ന കൺവൻഷനിലും, 9,10,11 തിയ്യതികളിൽ ഷാർ ജ ഗിൽ ഗാൽ ചർച്ച് ഓ ഫ് ഗോഡ് വർഷി പ്പ് സെന്ററിൽ നടക്കുന്ന പൊതുയോഗങ്ങളിലും, അൽ അയിൻ സിയോൻ ചർച്ച് ഓഫ് ഗോഡ് ഒയാസിസ് ചർച്ചിൽ 11, 12 തിയ്യതികളിൽ നടത്തുന്ന കൺവൻഷനിലുമാണ് ദേവസ്യ മുല്ലക്കര പ്രസംഗിക്കുന്നത്. കൺവൻഷനോടനുബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ പ്രാർത്ഥനയും കൗൺസലിങ്ങും നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഷാർജ 0506463177 അൽ അയിൻ 0504499851 അബുദാബി. 0557905103

## പാസ്റ്റർ ഫിലിപ്പ് പി. തോമസ് ഐ.പി.സിസെക്രട്ടറി

കുമ്പനാട്: ഇന്ത്യ പെന്റക്കൊസ്റ്റ് ദൈവസഭയുടെ കേരള സംസ്ഥാന നേതൃത്വത്തിലേക്ക് 25ന് നടന്ന തെരഞ്ഞെടുപ്പ് ഫലം പ്രസിദ്ധീകരിച്ചു. തെരഞ്ഞെടുപ്പു നടന്ന സ്ഥാനങ്ങളിൽ സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തേക്ക് പാസ്റ്റർ ഫിലിപ്പ് പി. തോമസും ജോയിന്റ് സെക്രട്ടറി (പാസ്റ്റർ) സ്ഥാനത്തേക്ക് പാസ്റ്റർ ഷിബു നെടുവേലിൽ, വിശ്വാസികളിൽനിന്നുള്ള ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് കുര്യൻ ജോസഫ്, ട്രഷറാറായി പി.എം. ഫിലിപ്പ് എന്നിവർ തെരഞ്ഞെടു ക്കപ്പെട്ടു. സംസ്ഥാന പ്രസിഡന്റായി പാസ്റ്റർ കെ.എം. ജോസഫും വൈസ്പ്രസിഡന്റായി പാസ്റ്റർ കെ. സി. തോമസും എതിരില്ലാതെ നേരത്തേ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ചൊവ്വാഴ്ച വോട്ടെടുപ്പു നടന്നു വെങ്കിലും രണ്ടു ദിവസം കൊണ്ടാണ് വോട്ടെണ്ണൽ പൂർത്തിയായത്. 4568 വോട്ടർമാരുള്ളതിൽ 3490പേർ വോട്ടു ചെയ്തു. 76 ശതമാനം പോളിംഗ് നടന്നിരുന്നു.

## അശ്ലീല സൈറ്റുകൾ പകർച്ചവ്യാധിയാണെന്ന്

ന്യൂയോർക്ക്: ലഹരി പദാർത്ഥങ്ങളോ മറ്റേതൊരു ബലഹീനതകളോ കീഴ്പ്പെടുത്തുന്നതിനേക്കാൾ വേഗത്തിൽ ഇന്റർനെറ്റിലൂടെയുള്ള അശ്ലീല സൈറ്റുകൾ ക്രൈസ്തവരെ കീഴ്പ്പെടുത്തുന്നതായി പ്രമുഖ ക്രൈസ്തവ മനഃശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ്. പ്രൊട്ടസ്റ്റന്റ് സഭകളിലെ പാസ്റ്റർമാർ ഉൾപ്പെടെയുള്ള വലിയൊരു വിഭാഗം ഇത്തരം അശ്ലീ സൈറ്റുകളുടെ അടിമകളാണെന്നും ഇവർ പറയുന്നു. അമേരിക്കയിലെ പ്രമുഖ ക്രിസ്റ്റ്യൻ മനഃശാസ്ത്രജ്ഞരായ ഡോ. റോബർട്ട് ജെ. ബെയർഡ്, ഡോ. റൊണാൾഡ് വെൻഡർബെക് എന്നിവർ പഠനം നടത്തി പ്രസിദ്ധീകരിച്ച "ബിഹൈ ൻഡ് ക്ലോസ്ഡ് ഡോർസ്" എന്ന പുതിയ പുസ്തകത്തിലാണ് ഏവരെയും ഞെട്ടിപ്പിക്കുന്ന ഈ വസ്തുത

## മഹോത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയായി



അബുദാബി: അബുദാബിയിലെ പെന്ത കൊസ്ത് സഭകളുടെ സംയുക്തവേദിയായ അബുദാബി പെന്തക്കോസ്ത് ചർച്ച് കോൺഗ്രിഗേഷൻ (ആപ്കോൺ) സെപ്റ്റംബർ 20 മുതൽ 22 വരെ സെന്റ് ആൻഡ്രൂസ് ചർച്ചിൽ ഒരുക്കുന്ന സുവാർത്താ മഹോത്സവത്തിന് വിപുലമായ ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടക സമിതി ജനറൽ കൺവീനർ ദാനിയേൽ വില്യംസ്, മീഡിയ കോ-ഓർഡിനേറ്റർ പി.സി. ഗ്ലെന്നി എന്നിവർ അറിയിച്ചു. പ്രശസ്ത സുവിശേഷ പ്രഭാഷകനും പ്രവാചകനും വേൾഡ് റസ്ക്യൂ മിനിസ്ട്രീസിന്റെ സ്ഥാപക പ്രസിഡന്റുമായ ആഫ്രിക്കൻ മിഷിനറി റവ.ബർണാഡ് ബ്ലസിംഗ് പ്രസംഗിക്കും. പ്രശസ്ത സംഗീതജ്ഞൻ ബർണൈ ആന്റി ഗാനങ്ങൾ ആലപിക്കും. ഇവിടെയുള്ള പെന്തക്കോസ്ത് സഭകൾ നടത്തുന്ന ഈ മഹാസമ്മേളനത്തിന്റെ നടത്തിപ്പിന് വേണ്ടി സഭാ ശുശ്രൂഷകരുടേയും വിശ്വാസികളുടെയും യോഗം ചേർന്ന് വിപുലമായ കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നു. പാസ്റ്റർ എംസി. ചാക്കോ ചെയർമാൻ, ദാനിയേൽ വില്ല്യംസ് ജനറൽ കൺവീനർ, ജോയ് മാത്യു, പ്രദീപ് ടി. പി, എബ്രഹാം ടി. എം, വർഗ്ഗീസ് ജെക്കബ്, ഗ്ലെന്നി പി.സി, പാസ്റ്റർ മോനച്ചൻ വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു. വിവിധ ഭാഗങ്ങളിൽ നിന്ന് യാത്രാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0508118567, 0503241610,

# ഒട്ടകവും സൂചിക്കുഴയും

ഗ്ലെന്നി പി.സി



യേശു തന്റെ ശിഷ്യൻമാരോട് ധനവാൻ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നത് പ്രയാസം തന്നെ എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. ധനവാൻ ദൈവ രാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴിയിലൂടെ കടക്കുന്നത് എളുപ്പം എന്ന് ഞാൻ നിങ്ങളോട് പറയുന്നു. മത്തായി 19 : 23, 24. മറ്റൊരിക്കൽ ധനികനായ ഒരു യുവാവ് ഗുരോ നിത്യ ജീവനെ പ്രാപിപ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം. എന്ന് ചോദിച്ചപ്പോൾ നന്മയേക്കുറിച്ച് ചേദിക്കുന്നതെന്ത്? നല്ലവൻ ഒരുത്തനേയുള്ളൂ ജീവനിൽ കടക്കുവാൻ ഇച്ഛിക്കുന്നു എങ്കിൽ കല്പനകൾ അനുസരിക്ക എന്ന് അവനോട് പറഞ്ഞി. മത്തായി 19 : 16, 17. മോശയുടെ ന്യായപ്രമാണത്തിലെ എല്ലാ കൽപ്പനകളും പറഞ്ഞപ്പോൾ ആധനികനായ യുവാവിന്റെ മറുപടി ഇതൊക്കേയും ഞാൻ ചെറുപ്പം മുതൽക്കേ അനുസരിക്കുന്നു ഇനി എന്തു കുറവാണ് എനിക്കുള്ളത്. എന്ന് ചേദിച്ചതിന് നീ സൽഗുണ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്ന് നിനക്കുള്ളതൊക്കേയും വിറ്റ് ദരിദ്രൻ മാർക്ക് കൊടുക്കുക., സ്വർഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്കുക. അവൻ വളരെ സ്വത്തുള്ളവനാകയാൽ ഈ വാക്കു കേട്ട് ദുഃഖിച്ച് പോയ്കളഞ്ഞതായി കാണുന്നു. വളരെ ശ്രദ്ധയോടെ കേട്ട ശിഷ്യന്മാരുടെ മനോഗതി മനസിലാക്കിയ യേശു പറഞ്ഞ വാക്കുകളാണ് ആദ്യം പ്രസ്താവിച്ചിരിക്കുന്ന സൂചി കുഴയുടെ പ്രസ്തവ്യം. വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിൽ 32 പ്രാവശ്യം പറഞ്ഞിട്ടുള്ള സ്വർഗ്ഗ രാജ്യത്തിന്റെ വിലയേക്കുറിച്ച് ശിഷ്യൻമാരെ മനസിലാക്കുവാൻ ഈ ഉപമ യേശു ഉപയോഗിക്കുകയായിരുന്നു. യേശു തന്റെ ജീവിതത്തിൽ ഉടനീളം പ്രദർശിപ്പിച്ച രീതി ഈ വാക്കുകളിൽ മാത്രം അദൃശ്യമായി തോന്നുന്നു. ശിഷ്യൻമാരുടെ ജീവിത സാഹചര്യവും അവർക്കറിവുള്ള "സൂചികുഴ"യെ കുറിച്ച് അവരേട് പറഞ്ഞിട്ട് അടുത്ത വാക്യത്തിൽ ഇങ്ങനെ കാണുന്നു. 'അതു കേട്ട ശിഷ്യൻമാർ വിസ്മയിച്ചു'. ദൈവ സൃഷ്ടിയായ മനുഷ്യൻ ധനവാനായി പോയി എന്നതു കൊണ്ടു മാത്രം സ്വർഗ്ഗ രാജ്യം നിഷേധിച്ചു എന്ന് യേശുക്രിസ്തുവിന്റെ ഈ വാക്കു കൊണ്ട് വിവക്ഷിക്കുന്നുണ്ടോ? അതു കൊണ്ടാണോ ശിഷ്യന്മാർ വിസ്മയിച്ചത്.! എന്നൊക്കെ നമുക്ക് സംശയം തോന്നാമല്ലെ? അല്ലാ എന്ന് ആ ഉപമയെ കുറിച്ച് പടിക്കുമ്പോൾ മനസിലാക്കുവാൻ കഴിയുന്ന സംഗതിയാണ്. "സൂചികുഴ"യുടെ ഉപമ കാലാന്തരം കൊണ്ട് വരിത്തിവച്ച ആശയ കുഴപ്പമാണിതെന്നാണ് ബൈബിൾ പണ്ഡിതരുടെ അഭിമതം. നമ്മൾ ഇന്നു കാണുന്ന തുന്നൽ സൂചിയുടെ ഇത്തിരിയോളം വരുന്ന കുഴയല്ല യേശു ഇതു കൊണ്ട് ഉദ്ദേശിച്ചതെന്ന കാര്യം വിശകലനം ചെയ്ത് പടിച്ചാൽ മനസിലാക്കാം. യേശുവിന്റെ കാലത്ത് യരുശലേം നഗരത്തിലേക്കുള്ള പ്രവേശന കവാടങ്ങളിൽ ഒന്ന് അറിയപ്പെട്ടിരുന്നത് സൂചികുഴ EYE OF THE NEEDLE എന്ന പേരിലായിരുന്നു അതിലൂടെ ഒരാൾക്ക് നഗരത്തിലേക്ക് കുനിഞ്ഞു മാത്രമേ കടക്കുവാൻ പറ്റു മായിരുന്നുള്ളു. കർത്താവു പറഞ്ഞ ഈ ചിന്തനീയമായ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ആത്മീയ അർത്ഥത്തെ പറ്റി വേദ പണ്ഡിതരുടെ അഭിപ്രായം ഇങ്ങനെയാണ്. ഒരു ഒട്ടകത്തെ ഈ വാതിലിലൂടെ കടത്തണമെങ്കിൽ അതിന്റെ പുറത്തുള്ള ഭാണ്ഡക്കെട്ടു കൾ അഴിച്ചു മാറ്റിയിട്ട് മുട്ടുമടക്കിയ നിലയിൽ ഉന്തിയോ വലിച്ചോ അകത്തു കടത്തുവാൻ അവർ ഒരു മാർഗ്ഗം ഉപയോഗിച്ചിരുന്നു. കട്ടിയുള്ള പരവതാനി പോലുള്ള തുണി നിലത്തു വിരിച്ച് ഒട്ടകത്തെ അതിന്മേലിരുത്തി ഉള്ളിലേക്ക് വലിച്ചു കയറ്റുകയായിരുന്നു, അതുപോലെ തന്നെ നഗരകവാടങ്ങൾ അടച്ചു കഴിഞ്ഞ് വൈകി വരുന്ന വ്യാപാരികൾ നഗരത്തിൽ കടന്നിരുന്നതും ഈവാതിലിലൂടെ ആയിരുന്നു. ശിഷ്യൻമാരോട് ധനികരുടെ ഈ "സൂചികുഴ" പ്രവേശനം അവരെ ഉപദ്ദേശിക്കുന്നതിന് യേശു ഉപയോഗിച്ചത് വളരെ ശ്രദ്ധേയമാണ്. വളരെ പ്രധാനപ്പെട്ട 3 ഗുണപാഠങ്ങളാണ് യേശു ഇതു കൊണ്ട് ഉപദ്ദേശിക്കുന്നത്. 1 പണവും സുഗഭോഗങ്ങളും നൽകുന്ന അഹന്ത കൊണ്ട് സദാ ഉയർത്തി പിടിക്കുന്ന സ്വന്തം തല സൂചികുഴയിലൂടെ താഴ്തി കുനിഞ്ഞു മാത്രമേ നകരത്തലേക്ക് കടക്കുവാൻ കഴികയുള്ളൂ രണ്ടാമതായി ആർജിച്ച ധനും സ്വത്തും ഭാണ്ഡവുമെല്ലാം ഒട്ടകപുറത്തുന്നിന്ന് അഴിച്ചു മാറ്റണം. എത്ര വിലപിടിച്ചതായാലും പരവതാനിയിൽ വച്ച് വലിച്ച് കയറ്റണം. പ്രസക്തമായ മൂന്നാമത്തെ സന്ദശം വിരിച്ച പരവതാനിയിൻമേൽ തന്റേതായ യാതൊരു ശ്രമവും നടത്താതെ മുട്ടു മടക്കിയിരിക്കുന്ന ഒട്ടകത്തിന്റെ മനോഭാവമാണ്. പൂർണമായി താഴ്ന്നിരിക്കുന്ന ഒട്ടകം സ്വർഗ്ഗരാജ്യത്തിൽ കടക്കേണ്ട ഒരുവൻ ചെയ്യേണ്ട കാര്യങ്ങൾ വളരെ സമർത്ഥമായി യേശു ചൂണ്ടി കാട്ടുന്നു. പൂർണമായി താഴ്മ ധരിക്കാത്തവർക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം പ്രയാസമാണെന്ന് സാരം. തല ഉയർത്തി നിൽക്കുന്ന നമ്മുടെ സ്വയം മാറ്റി താഴ്മയോടെ ദൈവത്തിന് മുമ്പിൽ ജീവിക്കുന്നവർക്കു മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശനമുള്ളൂ. ജീവിതത്തിൽ എല്ലാ നിലയിലുമുള്ള ജഡത്തിന്റെ ഭാവങ്ങളെ തകർത്ത് പൂർണ്ണമായി ക്രിസ്തുവിന്റെ ഭവം നമ്മളിൽ ഉണ്ടാകേണം. സ്വർഗ്ഗ കവാടം ആർക്കും എങ്ങിനേയും കയറിപറ്റാവുന്ന ഒന്നല്ലെന്നും കഷ്ടതയും പ്രയാസവുമൊക്കെ നിറഞ്ഞ പാതയിൽ കടക്കേണ്ടി വരുമെന്നും പൂർണ്ണമായി ഒട്ടകം തന്റെ ഉടമയെ ഏൽപ്പിച്ചു കൊടുക്കുന്നതു പോലെ നാമും പൂർണ്ണായി ക്രിസ്തുവിൽ ഏൽപ്പിച്ചു കൊടുക്കാൻ പഠിപ്പിക്കുന്നു, എന്നാൽ പലപ്പോഴും ധനവാന് ധനത്തിലുള്ള ആഗ്രഹത്താൽ പലതും വിട്ടു കളയുവാൻ കഴിയാതിരിക്കുന്ന അവസ്ഥ കാണുവാൻ കഴിയും. ധനത്തിൽ ആശ്രയിക്കാതെ തിരുവചനത്തിൽ ആശ്രയിച്ചു നാം ഉത്സുകരായിരിക്കുവാൻ ദൈവം ഇടയാക്കട്ടെ.


CHRIST'S OWN REVIVAL CHURCH

Sharjah, Abudhabhi



ആരാധനയും വിടുതൽ ശുശ്രൂഷയും

എല്ലാ വെള്ളിയാഴ്ചയും വൈകീട്ട് 8.30 മുതൽ 10.30 വരെ ഷാർജ യൂണിയൻ ചർച്ചിൽ

എല്ലാ ശനിയാഴ്ചയും വൈകീട്ട് 8.00 മുതൽ 10.00 വരെ അബുദാബി ഇവാജലിക്കൽ ചർച്ച് സെന്ററിൽ

എല്ലാ ഞായറാഴ്ചയും വൈകീട്ട് 7.00 മുതൽ 8.45 വരെ അബുദാബി മുസഫയിൽ

ബ്രദർ: ടിനു ജോർജ്ജ്, ബ്രദർ: ടിജി ജോർജ്ജ് (കൊട്ടാരക്കര) എന്നിവർ ആത്മീക ആരാധനയ്ക്ക് നേതൃത്വം നൽക്കുന്നു

നിങ്ങളുടെ പ്രാർത്ഥന വിഷയങ്ങൾ ഞങ്ങളെ അറിയിക്കുക ഞങ്ങൾ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാം

വരിക
വിടുതലും
അനുഗ്രഹവും
പ്രാപിക്കുക

കാണുക:
എല്ലാ തിങ്കളാഴ്ചയും
വൈകീട്ട് 7.30 നും,
വ്യാഴം രാത്രി 12.00 നും
പവർ വിഷനിൽ *"jesus is alive"*

കൂടുതൽ വിവരങ്ങൾക്ക് 0508265797, 0507612726, 050 9784152 www.pastortinugeorge.org, www.jesuselshaddai.com

# നിത്യതയിലേക്ക്



ഷാർജ: ഷാർജ ഐ.പി.സി. വർഷിപ്സെന്റർ സഭാംഗവും കുമ്പനാട് നെല്ലിമല ചെല്ലത്തു വലിയകാലായിൽ വി.ടി. തോമസിന്റെ മകനുമായ നോബിൾ തോമസ് (33) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം കുമ്പനാട് ഏലിം സഭാ സെമിത്തേരിയിൽ അനേകം വിശ്വാസികളുടേയും ശുശ്രൂഷകരുടേയും സാനിദ്ധ്യത്തിൽ നടന്നു.ഷാർജയിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ വിത്സൻ ജോസഫ് നേതൃത്വം നൽകി. പാസ്റ്റേഴ്സ് കുരുവിള എബ്രഹാം, ഗരസീം പി ജോൺ, ജേക്കബ് വർഗീസ്, സി ജോർജ്ജ് മാത്യു, ഡോ.കെ.ഒ മാത്യു, ആപ്കോൺ സെക്രട്ടറി ദാനിയേൽ വില്യംസ്, കുടംബത്തെ പ്രതിനിധീകരിച്ച് നൂൺ കുരുവിള തുടങ്ങിയവർ അനുശോചനം അറിയിച്ചു. ഭാര്യ: സുനി. മക്കൾ: നാഥാൻ, ആൻ. മാതാവ്: ഡെയ്സി.

## പാസ്റ്റർ ജോസ് മല്ലശ്ശേരി കൗൺസിൽ സെക്രട്ടറി



ഷാർജ: ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. നാഷണൽ കൗൺസിൽ സെക്രട്ടറിയായി പാസ്റ്റർ ജോർജ്ജ് പി. ടൈറ്റസിനെ (ജോസ് മല്ലശ്ശേരി) തിരഞ്ഞെടുത്തു.മികച്ച സംഘാടകനും പ്രഭാഷകനുമായ ജോസ് മല്ലശ്ശേരി അൽ അയിനിലെ സിയോൻ ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകനാണ്. കൗൺസിൽ ട്രഷററായി ദുബയ് ചർച്ച് ഓഫ് ഗോഡ് സഭാംഗം വർഗീസ് ജോർജ്ജ് നെയും തിരഞ്ഞെ ടുത്തു. ഷാർജ വർഷിപ്പ് സെന്ററിൽ നാഷണൽ ഓവർസിയർ റവ. ഡോ. കെ.ഓ. മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന കൗൺ സിൽ യോഗമാണ് തിരഞ്ഞെടുപ്പ് നടത്തിയത്.

# ആത്മീക അനുഗ്രഹം നിറഞ്ഞ യു.പി.എഫ് ക്യാംപ്



ഷാർജ: ആത്മീക അനുഗ്രഹങ്ങൾ നിറഞ്ഞ ത്രിദിനങ്ങൾ നൽകി യുപിഎഫ് ഒരുക്കിയ വിദ്യാർത്ഥി ക്യാംപ് സമാപിച്ചു. ഷാർജ വർഷിപ്പ് സെന്ററിൽ നടന്ന ക്യാംപിൽ യുവജനങ്ങളും കുട്ടികളും അടങ്ങുന്ന 450 ൽപരം പേർ പങ്കെടുത്തു. 88 കുട്ടികൾ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. തിമോത്തി ഇൻസ്റ്റിട്യൂട്ട് സീനിയർ റിസോഴ്സ് പേഴ്സൺ രാജൻ ജെ ആഷറിന്റെ നേതൃത്വത്തിലായിരുന്നു. ജോർജ്ജ് എബനേസർ ടീൻ സെഷനനുകൾക്കു റെന്നി വെസ്ലി ചിൽഡ്രൻസ് സെഷനുകൾക്കും നേതൃത്വം നൽകി. ക്രിസ് പപറ്റ് കുട്ടുകൾക്ക് വളരെ ആവേശമായി. കിഡ്സ് കൗൺസലിങ്ങ്, മനപാഠവാക്യ പഠനം, ഗ്രൂപ്പ് ചർച്ച, ഗാന പരിശീലനം കലാ മത്സരങ്ങൾ എന്നിവ ഉണ്ടായിരുന്നു. ഇതിനോടനുബന്ധിച്ച് ഷാർജ യൂണിയൻ ചർച്ചിൽ ഫാമലി കൗൺസലിങ്ങ് സെമിനാർ നടന്നു.

## യൂണിയൻ ചർച്ചിൽ വിടുതൽ ആരാധന

ഷാർജ. ജീസസ്സ് ഈസ് അലൈവ് വർഷിപ്പ് സെന്ററിന്റെ ആരാധനയും വിടുതൽ ശുശ്രൂഷയും എല്ലാ വെള്ളിയാഴ്ച്ചയും രാത്രി 8.30 മുതൽ 10.0 വരെ യൂണിയൻ ചർച്ചിൽ ഹാൾ നമ്പർ 5 ൽ ആരംഭിച്ചതായി സഭാശുശ്രൂഷകൻ പാസ്റ്റർ റ്റിജി ജോർജ്ജ് അറിയിച്ചു. ആരാധനയുടെ ഉദ്ഘാടനം റവ. ഡോ. ജോൺസൻ നിർവഹിച്ചു. പാസ്റ്റർ വേണു, പാസ്റ്റർ റ്റിജി ജോർജ്ജ് എന്നിവർ സംസാരിച്ചു. ജോർജ്ജ് വർഗ്ഗീസ്, ഡോ.ബേബി പട്ടശേരി എന്നിവർ നേതൃത്വം നൽകി. കൂടുതൽ വിവരങ്ങൾക്കും പ്രാർത്ഥന വിഷയങ്ങൾ അറിയിക്കുന്നതിനും വിളിക്കുക-050 8265797, 0509784152


Advertisement and news Publishing
Please contact:-
news@newsmanna.com
P.B.No. 131214 Abudhabhi, U.A.E
+971 553969791, +971 503241610

Kuwait- +965 66449267,
Kerala- +91 9544006867



**Advertisement**

**Matrimonial**

born again baptized girl ( 23,/ 5.4’), fair studying for montistories teachers training, place alwaye town, worshi ping with alwaye ipc near uc collage. we are looking suitable proposals from born agin baptized, educated boy’s parents, (26 to 29), interested in part time ministery work. tel: 0507617250 (avilable 5pm to 8pm )

Keralite Born Again, Doctor Baptized girl, 27/152, Dental Doctor, staying with parents in Dubai, hailing from Trichur Dt,seeking suitable proposals from born again, baptized boy, attending any penticostal church or indepentend chruch keralite professionally qualified Engrs. / Doctors. Contact 00971 55 3848072 email: zionkarakkat@yahoo.com

Keralite Born Again, Boy, 24/5.6, Graphic Designer working in UAE seeking suitable proposals from born again, baptized spiritualy filed girl’ parents,
Contact +971 55 3969791, +919544006867



എല്ലാവിധ സംഗീത ഉപകരണങ്ങൾക്കും
NEW MOUNTAIN
Music Instruments Trading Co. L.L.C
050 5857110, 050 7398434, Fax-06 5610623
ഞങ്ങളുടെ ഈ സ്ഥാപനം ഷാർജ യൂണിയൻ ചർച്ചിനു സമീപത്ത് ഉടൻ ആരംഭിക്കുന്നു.



**വസ്തു വിൽപനയ്ക്ക്**

തിരുവല്ല കോഴഞ്ചേരി റോഡിനോടു ചേർന്ന് വള്ളംകുളം ഭാഗത്ത് 1 1/2 ഏക്കർ റബർ തോട്ടവും വീടും മൊത്തമായും പ്ലോട്ടുകളായും വിൽപനയ്ക്ക് +971504116653 (യുഎഇ) +914692664468 (തിരുവല്ല)



Al Basma
Aluminium Glass Co. LLC.
Po. Box 3651 Umm Al Quwain - UAE.
Tele: +971 6 7647790, Fax: +971 6 7647780, Mob: +971 50 2106160
specialized in
Alum & Glass works includes thermal break sections,
Curtain wall, 2way& 4 way structureal glazing,
Aluminium composite panel clading,
Cast aluminium works, Frameless glass,
skylight, pergola, & alum: kitchen cabinet works

# ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ്, ഷാർജ

# സുവിശേഷ മഹായോഗം

**ഷാർജ, വർഷിപ്പ് സെന്ററിൽ, 2009 സെപ്റ്റംബർ 9,10,11 തിയ്യതികളിൽ**

9,10 തിയ്യതികളിൽ രാത്രി 8 മുതൽ
മെയിൻഹാളിൽ പൊതുയോഗം
ഹാൾ 2 ൽ ഉച്ചയ്ക്ക് 1 മുതൽ 4 വരെ
കൗൺസലിംങ്ങും പ്രാർത്ഥനയും

11–ാം തിയ്യതി രാവിലെ 11.30 മുതൽ
2.00 വരെ ഹാൾ 3 ൽ പൊതുയോഗവും
പ്രാർത്ഥനയും, വൈകിട്ട് 4.30 മുതൽ 7.00
വരെ ഹാൾ 1 ൽ പൊതുയോഗം

**പ്രശസ്ത സുവിശേഷ പ്രഭാഷകനും, രോഗശാന്തി വരപ്രാപ്തനുമായ ബ്രദർ ദേവസ്യ മുല്ലക്കര പ്രസംഗിക്കുന്നു.**



**ഏവർക്കും സ്വാഗതം**

സഭയ്ക്കു വേണ്ടി
റവ. ഡോ. കെ.ഒ. മാത്യു, പാസ്റ്റർ സാമുവേൽ ഉമ്മൻ, പാസ്റ്റർ സജി ചാക്കോ

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക 0506463177, 0505760794, 0556714809**

ഇന്ന് നിങ്ങൾ **മന്ന** വായിക്കുമ്പോൾ നിങ്ങളോടൊപ്പം 20000 പേർ വായിക്കുന്നു

കർത്തൃനാമത്തിൽ ഏവർക്കും സ്വാഗതം

ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ച്ചയും പ്രസംഗിപ്പാനും, പീഡിതന്മാരെ വിടുവിച്ചയപ്പാനും, കർത്താവിന്റെ പ്രസാദവർഷം അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു.
ലൂക്കോസ് 4:18-19

# GLORY 2009

**21 Days Fasting prayer & Convention**

*August 21st - September 10th*

Dubai - Sharjah - Abu Dhabi





Pr. M. A. Varghese



Dr. John



Sis. Nazeela Beevi

## WORSHIP TIMINGS

**Malayalam Services**

Friday 10.30 a.m. - 01.00 p.m. (Jebel Ali)
Kids Church 10.30 a.m. - 11.30 a.m.
07.30 p.m. -09.30 p.m.(Abu Dhabi)
Thursday 08.00 p.m. - 10.00 p.m. (Sharjah)
Thursday 08.00 p.m. - 10.00 p.m. (J. Ali F. Zone)
Tuesday 08.00 p.m. - 10.00 p.m. (Al Ain)

**Ladies Meeting**

Saturday 10.30 a.m. - 1.00 p.m. (Sharjah)

**English Service**

Saturday 08.30 p.m. - 10.30 p.m. (Dubai)
Wednesday 08.00 p.m. - 10.00 p.m. (Abu Dhabi)

**Tamil Service**

Friday 06.30 p.m. - 08.30 p.m. (Dubai)

**Bible Classes**

Monday 08.30 p.m. - 09.30 p.m. (Abu Dhabi)
Tuesday 08.30 p.m. - 09.30 p.m. (Al Quoz)
Tuesday 08.30 p.m. - 09.30 p.m. (Sharjah)

For more details and your prayer requests kindly contact:-

Pr. Shibu Andrews Mob : 050 - 395 7595
: 050 - 674 6764
Pr. Roshan Mob : 050 - 651 3643
Pr.Thomas Mob : 050 - 695 9739
Pr. Francis Mob : 050- 848 1864
Pr. Atchuthan Mob : 050 - 292 2421

**Emirates Christian Church**

*Touching Lives... Chainging Destinies...*

www.elohimchristian.org

Transportation available

Edited, Printed and published by P.C. Glenny, Editor in charge Pramod Koothur, news@newsmanna.com, visit - www.mannanews.ning.com 0503241610, 0553969791